ഊർജതന്ത്രം – X–പാർട്ട് –07 ക്ലാസ് 25







# ട്രാൻസ്ഫോമർ (Transformer)

പ്രവർത്തനതത്ത്വം : മ്യൂച്വൽ ഇൻഡക്ഷൻ

* പവറിൽ വ്യത്യാസം വരാതെ AC യുടെ വോൾട്ടത ഉയർത്താനോ താഴ്ത്താനോ സഹായിക്കുന്ന ഉപകരണമാണ് ട്രാൻസ്ഫോമർ

* ട്രാൻസ്ഫോമർ രണ്ടുതരമുണ്ട്
- സ്റ്റെപ്പ്അപ് ട്രാൻസ്ഫോമർ
- സ്റ്റെപ്പ്ഡൗൺ ട്രാൻസ്ഫോമർ

## സ്റ്റെപ്പ്അപ് ട്രാൻസ്ഫോമറും സ്റ്റെപ്പ്ഡൗൺ ട്രാൻസ്ഫോമറും തമ്മിലുള്ള വ്യത്യാസം







| സ്റ്റെപ്പ്അപ് ട്രാൻസ്ഫോമർ | സ്റ്റെപ്പ്ഡൗൺ ട്രാൻസ്ഫോമർ |
|---|---|
| പ്രൈമറിയിൽ വണ്ണം കൂടിയ കമ്പികൾ ഉപയോഗിക്കുന്നു | സെക്കന്ററിയിൽ വണ്ണം കൂടിയ കമ്പികൾ ഉപയോഗിക്കുന്നു |
| പ്രൈമറി ചുറ്റുകളുടെ എണ്ണം കുറവ് | സെക്കന്ററി ചുറ്റുകളുടെ എണ്ണം കുറവ് |
| സെക്കന്ററിയിൽ വണ്ണം കുറഞ്ഞ കമ്പികൾ ഉപയോഗിക്കുന്നു | പ്രൈമറിയിൽ വണ്ണം കുറഞ്ഞ കമ്പികൾ ഉപയോഗിക്കുന്നു |

➔ ഒരു ട്രാൻസ്ഫോമറിന്റെ ഇരു കോയിലുകളിലേയും ഓരോ ചുറ്റിലുമുള്ള emf തുല്യമായിരിക്കും

- ഒരു ചുറ്റിലുള്ള emf ε ആയാൽ

| | |
|---|---|
| പ്രൈമറി കോയിലിലെ emf | $V_p = N_p \times \varepsilon$ |
| സെക്കന്ററികോയിലിൽ പ്രേരിതമാകുന്ന emf | $V_s = N_s \times \varepsilon$ |

## ഒരു ട്രാൻസ്ഫോമറിന്റെ വോൾട്ട്തയും ചുറ്റുകളുടെ എണ്ണവും തമ്മിലുള്ള ബന്ധം

- വോൾട്ടതയും ചുറ്റുകളുടെ എണ്ണവും നേർഅനുപാതത്തിലാണ് (ചുറ്റു കളുടെ എണ്ണം കൂടുമ്പോൾ വോൾട്ടത കൂടുകയും ചുറ്റുകളുടെ എണ്ണം കുറയുമ്പോൾ വോൾട്ടത കുറയുകയും ചെയ്യുന്നു )

പ്രൈമറി വോൾട്ടത - Vp

പ്രൈമറി ചുറ്റുകളുടെ എണ്ണം - Np

സെക്കന്ററി വോൾട്ടത - Vs

സെക്കന്ററി ചുറ്റുകളുടെ എണ്ണം - Ns

ആയാൽ

$$\frac{V_s}{V_p} = \frac{N_s}{N_p}$$

## ഒരു ട്രാൻസ്ഫോമറിന്റെ വോൾട്ട്തയും കറന്റും തമ്മിലുള്ള ബന്ധം

- വോൾട്ടതയും കറന്റും വിപരീതഅനുപാതത്തിലാണ് ( വോൾട്ടത കൂടുമ്പോൾ കറന്റ് കുറയുകയും വോൾട്ടത കുറയുമ്പോൾ കറന്റ് കൂടുകയും ചെയ്യുന്നു )

- ഒരു ട്രാൻസ്ഫോമറിൽ പവർ നഷ്ടമില്ലെങ്കിൽ

- പ്രൈമറിയിലെയും സെക്കൻഡറിയിലെയും പവർ തുല്യമായിരിക്കും

പവർ = വോൾട്ടത x കറന്റ്

പ്രൈമറി പവർ Vp x Ip = സെക്കൻഡറി പവർ Vs x Is

ആയാൽ

$$V_P \times I_P = V_S \times I_S$$

$$\therefore \frac{I_p}{I_s} = \frac{V_s}{V_p}$$

$V_P \times I_P = V_S \times I_S$ സ്റ്റെപ്അപ് ട്രാൻസ്ഫോമറിന്റെ സെക്കൻഡറി വോൾട്ടത കൂടുതലും കറന്റ് കുറവുമായിരിക്കും. സ്റ്റെപ്ഡൗൺ ട്രാൻസ്ഫോമറിലെ സെക്കൻഡറി വോൾട്ടത കുറവും കറന്റ് കൂടുതലുമായിരിക്കും.

240 V AC യിൽ പ്രവർത്തിക്കുന്ന ഒരു ട്രാൻസ്ഫോമർ ആ സെർക്കീട്ടിലെ ഒരു ഇലക്ട്രിക് ബെല്ലിന് 8 V വോൾട്ടത നൽകുന്നു. ഇതിന്റെ പ്രൈമറി കോയിലിൽ 4800 ചുറ്റുകൾ ഉണ്ടെങ്കിൽ സെക്കൻഡറിയിലെ ചുറ്റുകളുടെ എണ്ണം കണക്കാക്കുക.

പ്രൈമറി വോൾട്ടത Vp = 240 V

പ്രൈമറി ചുറ്റുകളുടെ എണ്ണം Np = 4800 turns

സെക്കന്ററി വോൾട്ടത Vs = 8 V

സെക്കന്ററി ചുറ്റുകളുടെ എണ്ണം Ns = ?

$$\frac{V_s}{V_p} = \frac{N_s}{N_p}$$

Ns = (Vs x Np) / Vp

= (8 x 4800) / 240

= 38400/240

Ns = 160 turns

240 V ഇൻപുട്ട് വോൾട്ടേജിൽ പ്രവർത്തിക്കുന്ന ഒരു ട്രാൻസ്ഫോമറിന്റെ സെക്കൻഡറിയിൽ 80 ചുറ്റുകളും പ്രൈമറിയിൽ 800 ചുറ്റുകളുമുണ്ട്. ഈ ട്രാൻസ്ഫോമറിന്റെ ഔട്ട്പുട്ട് വോൾട്ടത എത്ര?

പ്രൈമറി വോൾട്ടത Vp = 240 V

പ്രൈമറി ചുറ്റുകളുടെ എണ്ണം Np = 800 turns

സെക്കന്ററി വോൾട്ടത Vs = ?

സെക്കന്ററി ചുറ്റുകളുടെ എണ്ണം Ns = 80 turns

$$\frac{V_s}{V_p} = \frac{N_s}{N_p}$$

$$Vs = (Ns \times Vp) / Np$$

$$= (80 \times 240) / 800$$

$$= 19200/800$$

$$Vs = 24\ V$$

## അസൈൻമെന്റ്

* താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

a) സ്റ്റെപ്പ്അപ്പ് ട്രാൻസ്ഫോമറിൽ ചുറ്റുകളുടെ എണ്ണം കൂടിയ ഭാഗം ഏത് ?

b) സ്റ്റെപ്പ്അപ്പ് ട്രാൻസ്ഫോമറിൽ ഈ ഭാഗത്ത് ഉപയോഗിച്ചിരിക്കുന്ന കമ്പികളുടെ വണ്ണം എങ്ങനെയാണ് ?

c) സ്റ്റെപ്പ് ഡൗൺ ട്രാൻസ്ഫോമറിൽ ചുറ്റുകളുടെ എണ്ണം കുറഞ്ഞ ഭാഗമേത് ?

d) ഇവിടെ ഉപയോഗിച്ചിരിക്കുന്ന കമ്പിയുടെ വണ്ണം എങ്ങനെയാണ് ?